I/391540/2023

<u>തിരുവനന്തപുരംവ്യവസായവാണിജ്യഡയറക്ടറേറ്റിലെ</u>
<u>സീനിയർഅഡ്മിനിസ്ട്രേറ്റീവ്ഓഫീസറുടെനടപടിക്രമം</u>
<u>(അവതരണം : RAJEEVE C R)</u>

നം.DIC/16195/2018-EA1 തീയതി : 08-08-2023

വിഷയം:- വ്യവസായം - ജീവനക്കാര്യം - തസ്തിക മാറ്റം വഴി ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ നിന്നും എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നൽകുന്നത്- സംബന്ധിച്ച്

പരാമർശം:-
1. സർക്കാർ ഉത്തരവ് (പി).നം.01/14 തീയതി 03.04.2014.
2. സർക്കാർ ഉത്തരവ് (സാധാ) നം.201/2019.വ്യവ തീയതി: 26.02.2019
3. സർക്കാരിൽ നിന്നുള്ള 23.09.2020 തീയതിയിലെ A2/85/2020/ വ്യവ നമ്പർ കത്ത്
4. പ്രൊജക്ട് ഓഫീസർ (കയർ) കായംകുളത്തിന്റെ 31.05.2023 തീയതിയിലെ A1/116/23 നമ്പർ നടപടിക്രമം.
5. പൊന്നാനി കയർ പ്രൊജക്ട് ഓഫീസറുടെ 31.05.2023 തീയതിയിലെ A/307/2023 നമ്പർ നടപടിക്രമം.
6. ഓഫീസ് അറ്റെൻഡന്റ് ,ഡ്രൈവർ ,മറ്റു വിഭാഗക്കാരുടെ 01.01.1982 മുതൽ 31.12.2012 വരെയുള്ള സംയോജിത സീനിയോരിറ്റി ലിസ്റ്റ്

പരാമർശം (1) പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10 ശതമാനം ഒഴിവിലേക്ക് അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി.ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിൽ ഉള്ളവർ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. ഇങ്ങനെ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ നിന്നും ക്ലറിക്കൽ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീ .അജിത്ത് ബി, ശ്രീ.എം.കെ അശോകൻ എന്നിവർ 31.05.2023 ൽ സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ പരാമർശം (6) പ്രകാരമുള്ള ഓഫീസ് അറ്റെൻഡന്റ്, ഡ്രൈവർ മറ്റു വിഭാഗക്കാരുടെ 01.01.1982 മുതൽ 31.12.2012 വരെയുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അടുത്തതായി സ്ഥാനക്കയറ്റത്തിന് അർഹരായിട്ടുള്ളത് ശ്രീ.അൻസാർ.എച്ച്, ശ്രീമതി.ദിവ്യ.വി.എസ് എന്നിവരാണ്. അതിനാൽ ടി ഉദ്യോഗസ്ഥർക്ക് തസ്തിക മാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിലേക്ക് താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റെൻഡന്റ് തസ്തികയിലെ ഉദ്യോഗസ്ഥരെ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ 26,500-60,700/- ശമ്പള നിരക്കിൽ തസ്തിക മാറ്റം മുഖേന താഴെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

| സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 128 | ശ്രീ.അൻസാർ.എച്ച്, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം. | കയർ പ്രോജെക്ട് ഓഫീസ് ,പൊന്നാനി |
| 130 | ശ്രീമതി.ദിവ്യ.വി.എസ്, കയർ ഇൻസ്പെക്ടർ ഓഫീസ്, കുണ്ടറ | താലൂക് വ്യവസായ ഓഫീസ് ,പാലക്കാട് |

തസ്തിക മാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്നതിനായി ടി ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥനു സ്ഥാനക്കയറ്റം നൽകുന്നതായിരിക്കും.ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥനു 3 വർഷത്തെ തുടർച്ചയായ സേവനത്തിൽ 2 വർഷം പ്രൊബേഷൻ ആയിരിക്കും. ടി തസ്തികയിൽ ഉത്തരവ് ലഭിച്ച് ഒരാഴ്ചക്കുള്ളിൽ റിലിങ്കിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട നിയന്ത്രണാധികാരി മുമ്പാകെ ഹാജരാകേണ്ടതുണ്ട്. നിലവിലെ നിയന്ത്രണാധികാരിയുടെ പരിധിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും ടി ഉദ്യോഗസ്ഥൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ യോഗ്യത നേടിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്.

Signed by
Rajeeve C R
Date: 08-08-2023 15:55:25

RAJEEVE C R
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്:- (1) ശ്രീ.അൻസാർ.എച്ച്, ജില്ലാ വ്യവസായ കേന്ദ്രം , എറണാകുളം.
(2) ശ്രീമതി.ദിവ്യ.വി.എസ്,കയർ ഇൻസ്പെക്ടർ ഓഫീസ്, കുണ്ടറ

പകർപ്പ് :
1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം, പാലക്കാട്
3. പ്രൊജക്ട് ഓഫീസർ (കയർ), പ്രൊജക്ട് ഓഫീസ്, കൊല്ലം, പൊന്നാനി
4. ഉപജില്ലാ വ്യവസായ ഓഫീസർ ,താലൂക് വ്യവസായ ഓഫീസ് , പാലക്കാട്